LIBRARY ARCHIVES Kerala Legislative Assembly

2003-04-ൽ വിറ്റഴിക്കപ്പെട്ട ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കണക്കും പ്രതിശീർഷമദ്യ ഉപഭോഗവും

136 [1939] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ ജോർജ് ജെ. മാത്യു:
„ എൻ. ശക്തൻ:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിവിധ കുപ്പികളിലെ അളവ് എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട വിദേശമദ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രതിശീർഷമദ്യ ഉപഭോഗം എത്രയാണ്;

(സി) 2003-04-ൽ സംസ്ഥാനത്ത് എത്ര മദ്യ ഉപഭോക്താക്കൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ കാലയളവിൽ ഒരു മദ്യ ഉപഭോക്താവ് ശരാശരി എത്ര ലിറ്റർ മദ്യം കഴിച്ചിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഈ കാലയളവിൽ സംസ്ഥാനത്ത് വിറ്റ ബിയറിന്റേയും കള്ളിന്റേയും അളവ് എത്രയെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇവ കൂടി കൂട്ടുമ്പോൾ 2003-2004-ലെ പ്രതിശീർഷ മദ്യ ഉപഭോഗം എത്രയാണ്?

ഉത്തരം

(എ) 180 മി. ലിറ്റർ, 375 മി. ലി., 500 മി. ലി., 1000 മി. ലി., 1500 മി. ലി. എന്നീ അളവുകളിൽ സംസ്ഥാനത്ത് വിദേശമദ്യം വില്ക്കുന്നുണ്ട്.

(ബി) 3.24 ലിറ്റർ.

(സി ആന്റ് ഡി) കണക്കാക്കിയിട്ടില്ല.

(ഇ) 2003-04-ൽ 3,09,01,042 ലിറ്റർ ബിയറും 23,67,71,029 ലിറ്റർ കള്ളും സംസ്ഥാനത്ത് വിറ്റഴിച്ചിട്ടുണ്ട്.

(എഫ്) 11.64 ലിറ്റർ.

കടൽക്ഷോഭം മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ

137 [1941] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കടൽക്ഷോഭം മൂലം അപകടത്തിൽപ്പെട്ട മത്സ്യ ത്തൊഴിലാളികളെ രക്ഷിക്കുന്നതിന് എത്ര രക്ഷാദൗത്യങ്ങൾ നടത്തിയെന്ന് അറിയിക്കാമോ;

(ബി) ഈ കാലവർഷക്കാലത്ത് കടൽക്ഷോഭം മൂലം നശിച്ചുപോയ മത്സ്യബന്ധനോപകരണങ്ങളുടെ കണക്കും നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 180 രക്ഷാദൗത്യങ്ങൾ

(ബി) ഉണ്ട്. 193 പേർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടു. 56 ലക്ഷം രൂപയുടെ നഷ്ടം ഈയിനത്തിൽ ഉണ്ടായി.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണം

138 [1942] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപത്തിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കമ്മീഷനിലെ ജീവനക്കാരെ എങ്ങനെ നിയമിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ ആസ്ഥാനം എവിടെ ആയിരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപത്തിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ കർണ്ണാടക സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടിവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളവരിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ അംഗമായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറി എക്സ് ഒഫിഷ്യോ അംഗവും മെമ്പർ സെക്രട്ടറി യുമായിരിക്കും.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ഇക്കാര്യത്തിൽ നയപരമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

(ഡി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly